**പോലീസ്** **കേരളം** **വകുപ്പ്**

**No. E3-13573/2023/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 15-02-2023

പ്രേഷകൻ

**ജില്ലാ പോലീസ് മേധാവി,**
പാലക്കാട്.

സ്വീകർത്താവ്

**ഡി സി. ഡി എച്ച് ക്യു ക്യാമ്പ്, കല്ലേക്കാട്,**
എല്ലാ സബ് ഡിവിഷണൽ ഓഫീസർമാർക്കും,
എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും.

സർ,

വിഷയം : പാലക്കാട് ജില്ലാ പോലീസ് ഓഫീസിന് കീഴിലുള്ള എല്ലാ പോലീസ് ഓഫീസിലെയും വളപ്പിൽ സ്ഥിതി ചെയ്യുന്ന ഫലവൃക്ഷാദികളിൽ നിന്നുമുള്ള കായ് ഫലാദികൾ 01.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിലേക്ക് ലേലം ചെയ്തു നൽകുന്നത് സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ യൂണിറ്റിനു കീഴിലുള്ള എല്ലാ പോലീസ് ഓഫീസുകളിലെയും വളപ്പിൽ സ്ഥിതി ചെയ്യുന്ന ഫലവൃക്ഷാദികളിൽ നിന്നുമുള്ള കായ് ഫലാദികൾ ലേലം ചെയ്തു നൽകിയതിൻറെ കാലാവധി 31.03.2023 നു അവസാനിക്കുകയാണ്. തുടർന്നു 01.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിലേക്ക് ഇപ്രകാരം ലേലം നടത്തേണ്ടതും ആയത് പരിശോധിച്ച് എല്ലാ ഓഫീസർമാരും അവരവരുടെ സ്ഥലപരിധിക്കുള്ളിലുള്ള ഫലവൃക്ഷങ്ങൾ ലേലം നടത്തുന്നതിനായി 10.03.2023 നു മുമ്പായി തീയ്യതി ഉറപ്പിക്കേണ്ടതും ലേല നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതുമാണെന്നും ഇതിനാൽ എല്ലാവരെയും ചുമതലപ്പെടുത്തുന്നു.

ലേലം നടത്തുമ്പോൾ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും കഴിഞ്ഞ വർഷം ലേലം കൊണ്ട് തുകയെക്കാൾ കൂടുതൽ മതിപ്പുവിലയാക്കി ലേലം തുടങ്ങേണ്ടതും, അപ്രകാരം ലേലം നടത്തിയതിൻറെ വിശദവിവരങ്ങൾ ഈ ഓഫീസിലേക്ക് 31.03.2023 നു മുമ്പായി അയച്ചുതരേണ്ടതും, ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് കൈപ്പറ്റിയിരിക്കേണ്ടതുമാണ്.

ഏതെങ്കിലും ഓഫീസിനു കീഴിൽ ലേലം നടത്താൻ മാത്രം ഫലവൃക്ഷങ്ങൾ ഇല്ലായെങ്കിൽ ആയതു സംബന്ധിച്ച വിവരം നിർബന്ധമായും ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ

Jaya.K.P

**ജയ. കെ. പി.**
**മാനേജർ**
For District Police Chief

പകർപ്പ് : ഡി.പി.ഓ കാഷ്യറുടെ അറിവിലേക്കായി 01.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിലേക്ക് ലേലം ചെയ്ത വകയിൽ മണിമെമ്മോ പ്രകാരം യൂണിറ്റുകളിൽ നിന്നും

ലഭിക്കുന്ന തുക സ്വീകരിക്കേണ്ടതും വിനിയോഗം സംബന്ധിച്ച് പിന്നീട് അറിയിപ്പ് നൽകുന്നതുമായിരിക്കും

Internal Administrative Processing System
iAPS
KERALA POLICE